**9 (*129) പഞ്ചായത്ത് വാർഡുകളുടെ പുനർവിഭജനം**

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലേക്കുള്ള അടുത്ത തെരഞ്ഞെടുപ്പ് നടത്തേണ്ടത് എപ്പോഴാണ്;

(ബി) ഇതിനുള്ള നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനം നടത്തിയോ;

(സി) ഇക്കാര്യം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിൻമേൽ തീരുമാനമെടുത്തുവോ;

(ഡി) ത്രിതല പഞ്ചായത്തുകളുടെ നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനം സംബന്ധിച്ച അന്തിമതീരുമാനമെടുത്തു കഴിഞ്ഞോ;

(ഇ) നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനത്തിൽ വന്നിട്ടുള്ള പാകപ്പിഴകൾ പരിഹരിക്കണമെന്ന് യു.ഡി.എഫ്. മുന്നോട്ടു വച്ചിട്ടുള്ള ആവശ്യം പരിഗണിച്ചുവോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) 2000-മാണ്ട് സെപ്റ്റംബർ മാസത്തിൽ

(ബി) നിയോജകമണ്ഡല പുനർവിഭജനം നടന്നുവരികയാണ് എന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(സി)&(ഡി) 12561 ഗ്രാമപഞ്ചായത്തു നിയോജകമണ്ഡലങ്ങളുടെ കരട് നിർദ്ദേശങ്ങളിൻമേൽ 8083 പരാതികൾ ജില്ലാകളക്ടർമാർക്കും അവർ പുറപ്പെടുവിച്ച അന്തിമ ഉത്തരവിനെതിരെ 1286 റിവിഷൻ ഹർജികൾ കമ്മീഷനും ലഭിച്ചതായി തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചിട്ടുണ്ട്. കളക്ടർമാർ പരാതികൾ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പരിശോധിപ്പിക്കുകയും ഹർജിക്കാരെ മുഖദാവിൽ കേൾക്കുകയും ചെയ്ത ശേഷമാണ് തീർപ്പാക്കിയത്. റിവിഷൻ ഹർജികളിൻമേൽ തീരുമാനമായിട്ടില്ല. അവ പരിശോധിച്ചുവരികയാണെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(ഇ) നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനത്തിൽ പാകപ്പിഴകൾ വന്നിട്ടുണ്ടെന്നും അവ പരിഹരിക്കണമെന്നും യു.ഡി.എഫ്. ഒരാവശ്യവും സമർപ്പിച്ചിട്ടില്ല എന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

**10 (*130) വ്യവസായ പുരോഗതിക്ക് സംവിധാനം**

ശ്രീ. വി. ബാലറാം :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ.എം. അഗസ്തി :
ഡോ. എം.എ. കുട്ടപ്പൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വ്യവസായ പുരോഗതിക്ക് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) ഈ രംഗത്ത് എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) ഉണ്ട്. വ്യവസായത്തിന് ആവശ്യമായ ഫണ്ടിനു പുറമേ വിവിധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള സഹായം തേടേണ്ടതായും വരുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും വെവ്വേറെ അനുവാദം കിട്ടുന്നതിന് ചിലപ്പോൾ കാലതാമസം നേരിടാറുണ്ട്. മാത്രമല്ല ഏതെങ്കിലും ഒരു വകുപ്പിന്റെ അനുവാദം ലഭ്യമായില്ലെങ്കിൽ അക്കാര്യം കൊണ്ടുതന്നെ ഉദ്ദേശിച്ച പദ്ധതി നടപ്പിലാക്കാനാവാതെയും വരുന്നു. ഈ സാഹചര്യം മനസ്സിലാക്കി നിലവിലുള്ള ഏകജാലക സമ്പ്രദായം കൂടുതൽ വിപുലീകരിച്ച് അതിന് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ നൽകാൻ സർക്കാർ തീരുമാനം എടുക്കുകയും അതിനായി കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് 2000 നിലവിൽ കൊണ്ടുവരികയും ചെയ്തു. ഇതിന്റെ ചട്ടങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടി എടുത്തുവരുന്നു. ഇത് പ്രാബല്യത്തിൽ വരുന്നതോടെ വിവിധ വകുപ്പുകളിലെ ക്ലിയറൻസ് എത്രയും വേഗം ലഭ്യമാകുകയും തദ്വാരാ അത് വ്യവസായ പുരോഗതിയെ വേഗത്തിലാക്കുകയും ചെയ്യും. കൂടാതെ പുതിയ വ്യവസായ നയത്തിലും ഐ.റ്റി. നയത്തിലും പറഞ്ഞിട്ടുള്ള സംവിധാനങ്ങളും സൗകര്യങ്ങളും നടപ്പിലാക്കുന്നതോടെ വ്യവസായ വികസനം ത്വരിതഗതിയിലാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി ബി.ഐ.എഫ്.ആർ. നിർദ്ദേശിക്കുന്ന തരത്തിലുള്ള ഇളവുകൾ സർക്കാർ നൽകിവരുന്നു. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി കമ്മീഷനിലും വിൽപന നികുതിയിലും വൈദ്യുതിയുടെ നിരക്കിലും ഇളവുകൾ നൽകിവരുന്നു. ഈ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള വായ്പയിലും അവയുടെ പലിശയിനത്തിലും ഇളവുകൾ നൽകിവരുന്നു. 28.7.1988-ലെ ജി.ഒ. (എം.എസ്) 113/88/ഐ.ഡി. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ആനുകൂല്യങ്ങൾ പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് ഇപ്പോഴും ലഭ്യമാണ്. കൂടാതെ രോഗാതുരമായതും രോഗാതുരമാകാൻ സാദ്ധ്യതയുള്ളതുമായ വ്യവസായയൂണിറ്റുകളെ കണ്ടുപിടിച്ച് അവയ്ക്കു വേണ്ടുന്ന സഹായങ്ങൾ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുമായി ആലോചിച്ചു ചെയ്യാൻവേണ്ടി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ വിദഗ്ദ്ധരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും, വിപുലീകരണത്തിനുമായി ധനം സ്വരൂപിക്കുന്നതിനായി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡ് രൂപീകരിക്കുകയും ബോണ്ടുകളുടെ വിൽപ്പന വഴി 160 കോടി രൂപ സമാഹരിക്കുകയും ചെയ്തു. കമ്പനികളിൽ നിന്നും പ്രൊപ്പോസലുകൾക്ക് ഈ ഫണ്ടിൽ നിന്നും ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly